# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 27, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**കൃഷി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**<u>സാങ്കേതിക വിഭ്യാഭ്യാസ പഠന രംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം</u>**

*271 **ശ്രീമതി യു പ്രതിഭ**
**ശ്രീ വി ജോയി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവേഷണത്തിനും നൈപുണ്യ വികസനത്തിനും ഊന്നൽ നൽകി സാങ്കേതിക വിഭ്യാഭ്യാസ പഠന രംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എൽ.ബി.എസ്. സെന്ററുകൾക്ക് കീഴിൽ വനിതകൾക്ക് മാത്രമായി പോളിടെക്നിക്ക് അനുവദിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സർവകലാശാലകൾക്ക് മികവിന്റെ പുരസ്കാരങ്ങൾ</u>**

*272 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകൾക്കാണ് വിവിധ മികവുകളുടെ അടിസ്ഥാനത്തിൽ പുരസ്കാരങ്ങൾ

ലഭ്യമായതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സർവകലാശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും 2016 മുതൽ നാളിതുവരെ എത്ര എണ്ണം പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാലയിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും കോഴ്സുകളുടെ നടത്തിപ്പ് സംബന്ധിച്ചും വിശദീകരിക്കുമോ?

## <u>കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കാൻ നടപടി</u>

*273 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കാനുള്ള നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ വൈദ്യുത ബസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്</u>

*274 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്ന് മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് അവ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്നും ഇതിന്റെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ?

**<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യങ്ങൾ</u>**

*275 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരായ നിരവധി പേരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017-ലെ വിദഗ്ധ സമിതി റിപ്പോർട്ടിൽ ഉൾപ്പെട്ട ആയിരത്തോളം പേരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരെ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി</u>**

*276 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുസ്ലീം ജനത സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ ഇതര സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട നിലയിലാണെങ്കിലും സംസ്ഥാനത്ത് മറ്റ് സമുദായങ്ങളേക്കാൾ പിന്നാക്കമാണെന്ന് പാലൊളി കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക പുരോഗതി ഉറപ്പ് വരുത്തുന്നതിനായി ഏതൊക്കെ മേഖലകളിൽ പുരോഗതി ആർജ്ജിക്കണമെന്നാണ് പാലൊളി കമ്മിറ്റി വിഭാവനം ചെയ്യുന്നത്; വിശദമാക്കുമോ;

(സി) പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

**<u>സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികൾ പുനഃസ്ഥാപിക്കാൻ നടപടി</u>**

*277 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൽ നിന്നും പണം ലഭിക്കാത്തത് കാരണം സാമൂഹ്യ സുരക്ഷാ മിഷൻ നടത്തിവരുന്ന നിരവധി പദ്ധതികൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷാ മിഷന്റെ മുടങ്ങിയ പദ്ധതികൾ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ പുനരാരംഭിക്കാനും കുടിശിക സമയബന്ധിതമായി കൊടുത്ത് തീർക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന

*278 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മായം കലർന്ന വളങ്ങൾ ഉപയോഗിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്ന സാഹചര്യം പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ജൈവ വളങ്ങൾക്കൊപ്പം രാസമിശ്രിത വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തൽ

*279 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ ഡി കെ മുരളി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ കാലാവസ്ഥയിലെയും കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന് ഒരൊറ്റ പ്ലാറ്റ്ഫോമിൽ കാർഷിക സംബന്ധിയായ എല്ലാ വിവരങ്ങളും ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കർഷകർക്ക് വ്യക്തിഗതമായി കാർഷിക രീതികൾ നിർണ്ണയിക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്തിന്റെ അപകട സാദ്ധ്യത കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണെന്നും ഈ പദ്ധതിയിലൂടെ മറ്റെന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ?

## കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ നേട്ടങ്ങൾ

*280 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയെ ശാക്തീകരിക്കുന്നതിനായി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മൃഗസംരക്ഷണ മേഖലയിലെ അക്കാദമിക ഗവേഷണ വിജ്ഞാന രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് പ്രസ്തുത സർവകലാശാലയ്ക്ക് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സർവകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളിൽ വിദേശ സർവകലാശാലകളുടെയും ശാസ്ത്രജ്ഞരുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് സഹായകമാകുന്ന എന്തെല്ലാം നേട്ടങ്ങളാണ് സർവകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ കമ്മീഷൻ റിപ്പോർട്ട്

*281 **ശ്രീ. ആന്റണി ജോൺ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ചിരുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രസക്ത ശിപാർശകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ശിപാർശകൾ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ ക്ഷേമത്തിന് എത്രത്തോളം സഹായകമാണ്; വ്യക്തമാക്കാമോ?

## കൃഷി സംരക്ഷണത്തിനായി കെ-ഡിസ്ക് മുഖേന സ്വീകരിച്ച നടപടികൾ

*282 **ശ്രീ. എം. എം. മണി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളകൾ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വിവിധ മേഖലകളിൽ മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം സാധ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമീപനത്തിന്റെ ഭാഗമായി കെ-ഡിസ്ക് മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക കമ്പനിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടി</u>**

*283 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മുട്ടക്കോഴികൾ, ഇറച്ചിക്കോഴികൾ, പോത്ത്, എരുമ, കിടാരികൾ എന്നിവയുടെ ഫാമുകൾ കൂടുതലായി ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>അധിനിവേശ സസ്യങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം</u>**

*284 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനയോരമേഖലയിൽ കൃഷി സ്ഥലത്തോട് ചേർന്ന് യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ നട്ടുവളർത്തിയത് കൃഷിയെ സാരമായി ബാധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇടുക്കി, വട്ടവട അടക്കമുള്ള സ്ഥലങ്ങളിൽ അധിനിവേശ സസ്യങ്ങൾ വ്യാപകമായി കൃഷിനാശത്തിന് കാരണമാകുന്നു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം അധിനിവേശ സസ്യങ്ങളെ വെട്ടിമാറ്റാൻ 2011-2016 കാലയളവിലെ സർക്കാർ അനുവർത്തിച്ച മാതൃകയിൽ ധനസഹായം ലഭ്യമാക്കുമോ; വിശദമാക്കുമോ?

**<u>കാലാവസ്ഥ വ്യതിയാനം ക്ഷീര മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി</u>**

*285 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം സംസ്ഥാനത്തെ ക്ഷീര മേഖലയെ ഏതു രീതിയിലാണ് ബാധിച്ചിരിക്കുന്നതെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ചൂട് കൂടിയതോടെ ക്ഷീര കർഷകർ പശുക്കളെ വ്യാപകമായി വിൽക്കുന്ന അവസ്ഥ ഉണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കനത്ത ചൂട് കാരണം സങ്കരയിനം പശുക്കളുടെ പാലുല്പാദനത്തിൽ കുറവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

**<u>അന്താരാഷ്ട്ര കായിക ഉച്ചകോടിയും കായികമേഖലയുടെ മുന്നേറ്റവും</u>**

*286 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കായിക മികവും സാധ്യതകളും അവതരിപ്പിക്കുന്നതിനും മികച്ച ലോക കായിക മാതൃകകൾ പകർത്തുന്നതിനും സംസ്ഥാനത്തിന്റെ കായിക മേഖലയുടെ മുന്നേറ്റം എന്ന ലക്ഷ്യം നേടുന്നതിനും അന്താരാഷ്ട്ര കായിക ഉച്ചകോടി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത് എന്നറിയിക്കാമോ;

(സി) പ്രസ്തുത ഉച്ചകോടിയിൽ കായിക വികസനത്തിനു വേണ്ട നിക്ഷേപത്തിന് ധാരണയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക</u>**

*287 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയ എല്ലാവരെയും ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ട 1031 പേരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഇവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>ഭിന്നശേഷി കുഞ്ഞുങ്ങൾക്കുള്ള സഹായ പ്രവർത്തനങ്ങൾ</u>**

*288 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ വി ജോയി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി കുഞ്ഞുങ്ങൾക്കും അപൂർവ്വ രോഗത്തിന് ഇരയാകുന്ന കുഞ്ഞുങ്ങൾക്കും വേണ്ടി നടത്തിവരുന്ന സഹായ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അവരുടെ വളർച്ചയ്ക്കും മുന്നോട്ടുള്ള പഠനത്തിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

**<u>മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസ പഠന സൗകര്യം</u>**

*289 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര സ്ഥാപനങ്ങൾ ഇല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസബിലിറ്റീസ്</u>**

*290 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ-സാഹിത്യ മേഖലകളിൽ അഭിരുചിയുള്ള ഭിന്നശേഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസബിലിറ്റീസ് എന്ന പദ്ധതി മുഖേന ഭിന്നശേഷിക്കാർക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

**<u>കാലിത്തീറ്റയുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വിലവർദ്ധനവ്</u>**

*291 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയ്ക്കും മറ്റ് അനുബന്ധ സാധനങ്ങൾക്കും അമിതമായ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് കാരണം ക്ഷീര കർഷകർ നേരിടുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുടക്കുമുതൽ കൂടുതലും വരുമാനം കുറവുമുള്ള തൊഴിലായി കാലി വളർത്തൽ മാറി എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കാലിത്തീറ്റകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വില അടിക്കടി വർധിക്കുന്നതും പുൽകൃഷി നടത്തുന്നതിന് സാഹചര്യം ഇല്ലാത്തതും ക്ഷീരകർഷകരെ ക്ഷീരമേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറയൂരിലെ കരിമ്പ് കർഷകർക്ക് സബ്സിഡി</u>**

*292 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പ് കർഷകരോടുള്ള സർക്കാരിന്റെ അവഗണന മൂലം അവർ കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ 2011-2016 കാലയളവിലെ സർക്കാർ നൽകിയ മാതൃകയിൽ മറയൂരിലെ കരിമ്പ് കർഷകർക്ക് സബ്സിഡി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി</u>**

*293 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) കാലാനുസൃതമായ കോഴ്സുകൾ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) എൻജിനിയറിംഗ് മേഖലയിലെ ഗവേഷകർക്ക് ചുരുങ്ങിയ ചെലവിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് നിലവാരമുള്ള റഫറൻസ് ജേണലുകൾ ആരംഭിക്കുന്നതിന് ഐ.എച്ച്.ആർ.ഡി. മുഖേന നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## നീർത്തട പദ്ധതികളുടെ പ്രവർത്തനം

*294 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് നീർത്തടാധിഷ്ഠിത ആസൂത്രണമാണ് സംസ്ഥാനത്തിന്റെ കാർഷിക അഭിവൃദ്ധിക്ക് അനിവാര്യമെന്ന് കണ്ട് ആരംഭിച്ച നീർത്തട പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിട്ടിരുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോയെന്നും വിള കലണ്ടറും പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥി കുടിയേറ്റം

*295 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം അഞ്ചു വർഷത്തിനുള്ളിൽ ഇരട്ടിയായി എന്നത് ഗൗരവമേറിയ വിഷയമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്തെ മൂല്യത്തകർച്ചയും, വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന അതിക്രമങ്ങളും പ്രസ്തുത കുടിയേറ്റത്തിന് കാരണമാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നിരുത്സാഹപ്പെടുത്താൻ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി

*296 **ശ്രീ. എച്ച്. സലാം**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിനും അനധികൃത കൈയേറ്റങ്ങൾ തടയുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സമിതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) കൈയേറ്റങ്ങൾ ഒഴിപ്പിച്ച് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ

*297 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രാദേശിക തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രാദേശികതലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) കായികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## സുഭിക്ഷ കേരളം പദ്ധതി

*298 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനത്തിൽ മുന്നേറ്റം ലക്ഷ്യം വച്ച് ആരംഭിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാനാണ് ലക്ഷ്യമിട്ടത്; വിശദമാക്കാമോ;

(ബി) ഇതിനായി എന്തൊക്കെ പ്രവർത്തന പദ്ധതികളാണ് ആസൂത്രണം ചെയ്തത്; വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയതിലൂടെ സംസ്ഥാനത്ത് കാർഷിക, ഭക്ഷ്യോല്പാദന രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകളുടെ നിയന്ത്രണം</u>

*299 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകൾ ഉത്സവ സീസണുകളിൽ വൻതോതിൽ നിരക്ക് വർദ്ധിപ്പിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം ബസുകളുടെ ടിക്കറ്റ് നിരക്കിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഓൾ ഇൻഡ്യാ പെർമിറ്റിന്റെ മറവിൽ ബുക്കിംഗ് സ്വീകരിച്ച് അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകളെ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## <u>സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക സഹകരണം</u>

*300 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങൾ തമ്മിൽ അക്കാദമിക സഹകരണത്തിൽ ഏർപ്പെടുന്നത് വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗത്തിനും വിശാലമായ വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും ഉതകുമെന്നതിനാൽ അവയുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലയാള സർവ്വകലാശാലയും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ യോജിച്ചുള്ള അക്കാദമിക് പ്രവർത്തനങ്ങൾക്ക് ധാരണയായിട്ടുണ്ടോ; എന്തൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ യോജിച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ് — ഡോ. എൻ. കൃഷ്ണ കുമാർ ,
തിരുവനന്തപുരം, — സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].